**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6680** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലക്ക് ഉണർവ് നൽകുന്നതിന് സ്വീകരിച്ച നൂതനമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിദേശ ആഭ്യന്തര വിനോദ സഞ്ചാരികൾക്കായി 'നൈറ്റ് ലൈഫ് ടൂറിസം' ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി ULCCs മുഖേന നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ 'നൈറ്റ് ലൈഫ് ടൂറിസം' പ്രോത്സാഹിപ്പിക്കുന്നതിനായി "ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്" എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 18 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ നടന്നുവരുന്നു.<br><br>സംസ്ഥാനത്തെ വിനോദസഞ്ചാരികൾക്ക് വ്യത്യസ്തമായ ഒരു അനുഭവം നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് 'കാരവൻ ടൂറിസം’. നിലവിൽ 10 കാരവനുകളും വാഗമണ്ണിൽ ഒരു കാരവൻ പാർക്കുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ആരംഭിച്ച സ്ട്രീറ്റ് പദ്ധതിയിൽ 'നൈറ്റ് ലൈഫ് ടൂറിസം' പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം, ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ അംഗപരിമിതരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധമുള്ള 'ബാരിയർ ഫ്രീ ടൂറിസം പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്.<br><br>'മലബാർ ലിറ്ററി സർക്യൂട്ട്', 'കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട്' എന്നീ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ് ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു.<br><br>ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി 'വില്ലേജ് ടൂറിസം', 'റൂറൽ ടൂറിസം', 'ഫെസ്റ്റിവൽ ടൂറിസം', 'കൾച്ചറൽ ടൂറിസം', 'എക്സ്പീരിയൻഷ്യൽ ടൂറിസം', ‘ഫാം / അഗ്രി ടൂറിസം’, 'ഫുഡ് ടൂറിസം', 'ആക്സസിബിൾ ടൂറിസം', ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ, വിവിധ രംഗകലകൾ, ആയോധനകലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ / പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിങ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | വിനോദസഞ്ചാര മേഖലയിൽ കോവിഡിന് ശേഷമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും കൂടുതൽ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും അവ വിപുലീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | വിനോദസഞ്ചാര മേഖലയിൽ കോവിഡിന് ശേഷമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>**<u>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ</u>**<br><br>1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ<br><br>2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്.<br><br>3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ - നാഷണൽ ടിവി |

4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ

5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ

'ചെയ്ഞ്ച് ഓഫ് എയർ' എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും, പ്രിന്റ് മീഡിയകളിലൂടെയും, സമൂഹ മാധ്യമങ്ങളിലൂടെയും ക്യാമ്പയിൻ നടത്തുകയുണ്ടായി. തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു.

രണ്ടാംഘട്ടത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു.

കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി "പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ" സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തി വരികയാണ്.

ഇത് കൂടാതെ നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി "കാരവൻ ടൂറിസം" പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമായ "**മായ**" ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു. ഇൻഫർമേഷൻ കിയോസ്ക് വഴി വിരൽത്തുമ്പിലൂടെ

| | | | |
|---|---|---|---|
| | | | വിവരങ്ങൾ അറിയാനുള്ള സംവിധാനം വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് 'ഡെസ്റ്റിനേഷൻ ചലഞ്ച്'. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായി ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ബാക്കി തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ട് സാധ്യതാ പഠനങ്ങളും പരിശോധനകളും നടത്തി അനുയോജ്യമായവയ്ക്ക് 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 20 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ടൂറിസം മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ? | (സി) | വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. വിനോദസഞ്ചാര മേഖലയിൽ നിന്നും കഴിഞ്ഞ 10 വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ലഭിച്ച വർഷം തിരിച്ചുള്ള വരുമാനം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ